കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തിരുവനന്തപുരം നഗരസഭയിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.മാധുരിലതയുടെ ഭർത്താവിന്റെ ചികിത്സാചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.2062/2013/തസ്വഭവ തീയതി, തിരുവനന്തപുരം, 05/08/2013

പരാമർശം :

1. 15/11/2010 തീയതിയിലെ സ.ഉ.(സാധ)നം. 3573/10/തസ്വഭവ.നമ്പർ ഉത്തരവ്.
2. ശ്രീമതി. മാധുരിലതയുടെ 28/06/2011 ലെ അപേക്ഷ.
3. തിരുവനന്തപുരം നഗരസഭയുടെ 07/10/2011 ലെ 3 എ(5) ാം നമ്പർ കൗൺസിൽ തീരുമാനം.
4. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 26/12/2011 ലെ G2/141709/10 നമ്പർ കത്ത്.
5. നഗരകാര്യ ഡയറക്ടറുടെ തീയതി രേഖപെടുത്താത്ത DC1-16836/11 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം നഗരസഭയിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.മാധുരിലതയുടെ ഭർത്താവിന് 07/02/2009 മുതൽ 15/03/2011 വരെ റിജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സ നടത്തിയ വകയിൽ ചെലവായ 4,93,240/- രൂപയിൽ പരാമർശം(1) പ്രകാരം അനുവദിച്ച പലിശരഹിത അഡ്വാൻസ് തുകയായ 4,50,000/-രൂപ അഡ്ജസ്റ്റ്ചെയ്യുന്നതിനും ബാക്കിതുകയായ 43240/- രൂപ റീ ഇംബേഴ്സ് ചെയ്യുന്നതിന് പരാമർശം(2) പ്രകാരം ടിയാരി അപേക്ഷിച്ചിരുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാരിക്ക് 4,93,240/- രൂപ മെഡിക്കൽ റീ ഇംബേഴ്സ് ഇനത്തിൽ അനുവദിക്കുന്നതിന് പരാമർശം(5) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.മാധുരിലതയുടെ ഭർത്താവിന് റിജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സ നടത്തിയ വകയിൽ ചെലവായ തുകയിൽ അഡ്വാൻസ്തുക കഴിച്ചുള്ള 43,240/- രൂപ (നാൽപ്പത്തിമൂന്നായിരത്തി ഇരുന്നൂറ്റി നാൽപ്പതു രൂപാ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത അർഹത, കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ

പരിശോധിച്ച് ഉറപ്പുവരുത്തിക്കൊള്ളണമെന്ന വ്യവസ്ഥയിലും ടി തുക തിരുവനന്തപുരം നഗരസഭയുടെ തനതുഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന വ്യവസ്ഥയിലും കേരള ഗവൺമെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റന്റൻസ് റൂൾസ് 1960 പ്രകാരം റീ ഇംബേഴ്സ് ചെയ്യുന്നതിന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെ.സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ സഹിതം)
സെക്രട്ടറി, തിരുവനന്തപുരംനഗരസഭ.
ശ്രീമതി.മാധുരിലത, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് , തിരുവനന്തപുരം നഗരസഭ.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ